DISPATCHED
ഒ.06/2020
25.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2372(2)/2016/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14217/എസ്.ഐ.സി–ജി 6/16**)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.ടി.സാബു,
കളപ്പുരത്തൊട്ടിയിൽ,
വേഴപ്പറമ്പ്, മുളന്തിരുത്തി പി.ഒ.,
എറണാകുളം – 682 314.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പ്രിൻസിപ്പാൾ,
എസ്.എൻ.ഡി.പി.വൈ.എച്ച്.എസ്സ്.എസ്സ്.,
നീരാവിൽ, പെരിനാട് പി.ഒ., കൊല്ലം.

2. അപ്പീൽ അധികാരി&
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോർപ്പറേഷൻ
ബിൽഡിംഗ്സ്, നാലാം നില, പാളയം,
തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.07.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.08.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.08.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.08.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.11.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.11.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.ടി.സാബു, 04.11.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 17.11.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2372(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ പൊതുതാല്പര്യമുള്ള വിഷയമല്ലെന്ന കാര്യം പറഞ്ഞ് വിവരം നിരസിച്ചുവെന്നും ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.07.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നീരാവിൽ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിൽ ജോലി ചെയ്യുന്ന ശ്രീ.എസ്.എം. മനോജ് മുരളി എന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകന്റെ **(HSST Computer Science) Approved Service** ആരംഭിക്കുന്നത് എന്നാണെന്നും അപ്പോയിന്റ് ചെയ്യപ്പെട്ട തസ്തിക **(HSST/HSSTJr)**ഏതെന്നുമാണ്. ആയതിന് 04.08.2016ന് നൽകിയ മറുപടിയിൽ മറ്റൊരാളിന്റെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട മേലധികാരികളോ യഥാർത്ഥ കക്ഷിയോ ആവശ്യപ്പെടുമ്പോൾ മാത്രമേ കൊടുക്കേണ്ടതുള്ളുവെന്നും ടിയാന്റെ അപേക്ഷയിൽ യാതൊരു പൊതുതാല്പര്യവുമില്ലെന്നും എയ്ഡഡ് സ്കൂളുകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുമോ എന്ന വിഷയം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും അന്തിമവിധിയ്ക്ക് വിധേയമായി വിവരങ്ങൾ നൽകുമെന്നുമാണ്.

4. 20.12.2016ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ടി ഓഫീസിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിന് മറുപടി ലഭ്യമാക്കുന്നതിനായി 31.08.2016 തീയതിയിലെ കത്തു പ്രകാരം എസ്.എൻ.ഡി.പി.വൈ.എച്ച്.എസ്.എസ്. ലെ പ്രിൻസിപ്പാളിന് 21.10.2016ന് അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്തുവെന്നും ആയതിൽ ടിയാന് അടിയന്തിരമായി മറുപടി ലഭ്യമാക്കണമെന്നും പകർപ്പ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അയയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി

നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.എന്നാൽ ഹർജിക്കാരന്റെ 07.07.2016ലെ അപേക്ഷയ്ക്ക് 14.12.2016ലാണ് ടിയാന് മറുപടി ലഭ്യമായതായി കാണുന്നത്. വിവരാവകാശ നിയമപ്രകാരം ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പ്രസ്തുത ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം 5 ദിവസത്തിനകം അയച്ചുകൊടുക്കണമെന്നിരിയ്ക്കെ 31.08.2016ൽ തയ്യാറാക്കിയ അപേക്ഷ 21.10.2016നാണ് അയച്ചുകൊടുത്തതായി കാണുന്നത്. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ കൃത്യവിലോപമാണ്. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. രണ്ടാം എതിർകക്ഷി ഹർജിക്കാരന്റെ 31.08.2016ലെ ഹർജിക്കാരന്റെ അപ്പീലിന്മേൽ 21.10.2016ന് നടപടി സ്വീകരിച്ചതും ഗുരുതരമായ ചട്ടലംഘനമാണ്. ആകയാൽ ആയതു സംബന്ധിച്ച റിപ്പോർട്ട് രണ്ടാം എതിർകക്ഷി 7 ദിവസത്തിനകം സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 25–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM